# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 14-05-2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) മുതിർന്ന കോൺഗ്രസ് നേതാവ് വി ഡി സതീശൻ കേരളത്തിൻറെ 13-ാമത് മുഖ്യമന്ത്രിയാവും. കോൺഗ്രസ് നിയമസഭ കക്ഷി യോഗം തിരുവനന്തപുരത്ത് പൂർത്തിയായി. സത്യപ്രതിജ്ഞ ചടങ്ങ് തിങ്കളാഴ്ച ഉണ്ടായേക്കും.

   Senior Congress leader V. D. Satheesan to be the 13th Chief Minister of Kerala. The Congress Legislative Party meeting concluded in Thiruvananthapuram. Swearing-in ceremony is likely to be held on Monday.

2) സ്ഥാനമൊഴിയുന്ന മുഖ്യമന്ത്രി പിണറായി വിജയനെ പ്രതിപക്ഷ നേതാവായി തിരഞ്ഞെടുത്ത് സിപിഐഎം സംസ്ഥാന സമിതി യോഗം.

   The Communist Party of India (Marxist) state committee meeting selected outgoing Chief Minister Pinarayi Vijayan as the Leader of the Opposition.

3) ബ്രിക്സ് വിദേശകാര്യ മന്ത്രിമാരുടെ രണ്ട് ദിവസത്തെ യോഗത്തിന് ന്യൂഡൽഹിയിൽ തുടക്കമായി. ആഗോള അസ്ഥിരതകൾക്കിടയിൽ ബ്രിക്സിന് ക്രിയാത്മകമായ ഉത്തരവാദിത്തങ്ങൾ നിർവഹിക്കാനാകുമെന്ന് വിദേശകാര്യ മന്ത്രി എസ് ജയശങ്കർ

A two-day meeting of BRICS foreign ministers began in New Delhi. External Affairs Minister S. Jaishankar said that BRICS can play a constructive and responsible role amid global instability.

4) 16 സംസ്ഥാനങ്ങളിലും മൂന്ന് കേന്ദ്ര ഭരണ പ്രദേശങ്ങളിലും തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണം നടപ്പാക്കാൻ തീരുമാനിച്ച് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ.

The Election Commission of India has announced the Special Intensive Revision, SIR Phase-III, which will be conducted in a phased manner across sixteen states and three Union Territories.

5) അഞ്ച് രാഷ്ട്രങ്ങളിലേക്കുള്ള പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ വിദേശ പര്യടനത്തിന് നാളെ തുടക്കം.

Prime Minister Narendra Modi's five nation tour will begin tomorrow.

6) ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് പഞ്ചാബ് കിംഗ്സ് -മുംബൈ ഇന്ത്യൻസ് പോരാട്ടം

In the Indian Premier League Cricket, Punjab Kings will face Mumbai Indians today.

*****************

## CM-KERALA

മുതിർന്ന കോൺഗ്രസ് നേതാവ് വി ഡി സതീശൻ കേരളത്തിൻറെ പുതിയ മുഖ്യമന്ത്രിയാവും. സത്യപ്രതിജ്ഞ ചടങ്ങ് തിങ്കളാഴ്ച തിരുവനന്തപുരം സെൻട്രൽ

സ്റ്റേഡിയത്തിൽ നടക്കുമെന്നാണ് ലഭിക്കുന്ന വിവരം. കോൺഗ്രസ് നിയമസഭാ കക്ഷി യോഗം തിരുവനന്തപുരത്ത് പൂർത്തിയായി. നിയുക്ത മുഖ്യമന്ത്രി വി ഡി സതീശൻ അൽപസമയത്തിനകം ഗവർണറെ കണ്ട് എംഎൽഎ മാരുടെ പിന്തുണക്കത്ത് കൈമാറും. 10 ദിവസത്തിലേറെ നീണ്ട ചർച്ചകൾക്ക് ശേഷമാണ് കോൺഗ്രസ് ഹൈക്കമാൻഡ് ഇന്ന് ന്യൂഡൽഹിയിൽ കേരളത്തിൻറെ മുഖ്യമന്ത്രി ആരെന്ന തീരുമാനം പ്രഖ്യാപിച്ചത്. നിയുക്ത മുഖ്യമന്ത്രിയ്ക്ക് ആവേശകരമായ സ്വീകരണമാണ് കെപിസിസി ആസ്ഥാനത്തടക്കം കോൺഗ്രസ് പ്രവർത്തകർ നൽകിയത്. സംസ്ഥാനത്തുടനീളം വിജയാഹ്ളാദ പ്രകടനങ്ങളും നടന്നു.

****************

## Satheesan Profile

എറണാകുളം നെട്ടൂർ സ്വദേശിയായ വി.ഡി സതീശൻ, 61 ആം വയസ്സിലാണ് കേരളത്തിൻറെ മുഖ്യമന്ത്രി പദത്തിലേക്കെത്തുന്നത്. സ്കൂൾ കാലം മുതൽ വിദ്യാർത്ഥി രാഷ്ട്രീയത്തിൽ സജീവമായിരുന്ന അദ്ദേഹം 2001 മുതൽ 2026 വരെ ആറ് തവണയാണ് എറണാകുളം ജില്ലയിലെ പറവൂർ മണ്ഡലത്തെ പ്രതിനിധീകരിച്ച് നിയമസഭയിലെത്തിയത്. 2021 മുതൽ 26 വരെയുള്ള കാലയളവിൽ അദ്ദേഹം പ്രതിപക്ഷ നേതാവായിരുന്നു. മന്ത്രിസ്ഥാനം ഒരു തവണ പോലും വഹിക്കാതെ നേരിട്ട് മുഖ്യമന്ത്രി പദവിയിൽ എത്തുന്ന നേതാവ് കൂടിയാണ് ശ്രീ വി.ഡി സതീശൻ. കെപിസിസി വൈസ് പ്രസിഡൻറ് സ്ഥാനം അടക്കം കോൺഗ്രസ് പാർട്ടിയുടെ പ്രധാന പദവികളിൽ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. അഭിഭാഷകൻ കൂടിയായ അദ്ദേഹം മികച്ച വാഗ്മി എന്ന നിലയിലും ജനശ്രദ്ധ നേടിയിട്ടുണ്ട്.

****************

## VD SATHEESAN (INTRO)

പുതിയ കേരളം സൃഷ്ടിച്ചെടുക്കാൻ കൂട്ടായ പ്രവർത്തനത്തിലൂടെയേ സാധിക്കൂ എന്ന് നിയുക്ത മുഖ്യമന്ത്രി വി ഡി സതീശൻ . പ്രതിപക്ഷത്തിൻറെ ഉൾപ്പെടെയുള്ള പൂർണ പിന്തുണ അഭ്യർത്ഥിക്കുന്നതായും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ജനങ്ങൾ വലിയ ഉത്തരവാദിത്തമാണ് ഏൽപ്പിച്ചതെന്നും അവരോടുള്ള വാഗ്ദാനങ്ങൾ പാലിക്കുമെന്നും ശ്രീ സതീശൻ വ്യക്തമാക്കി.

(ഹോൾഡ് വോയ്സ്..........)

*****************

## Leader -Opposition

മുതിർന്ന സി പി ഐ എം നേതാവും സ്ഥാനമൊഴിയുന്ന മുഖ്യമന്ത്രിയുമായ പിണറായി വിജയനെ പ്രതിപക്ഷ നേതാവായി തിരഞ്ഞെടുത്തു. സി പി ഐ എം സംസ്ഥാന സമിതി യോഗത്തിലാണ് തീരുമാനം. പാർട്ടി ജനറൽ സെക്രട്ടറി എംഎ ബേബി ഉൾപ്പെടെയുള്ളവർ യോഗത്തിൽ പങ്കെടുത്തു.

*****************

## JAISHANKAR (intro)

ബ്രിക്സ് വിദേശകാര്യ മന്ത്രിമാരുടെ രണ്ട് ദിവസത്തെ യോഗത്തിന് ന്യൂഡൽഹിയിൽ ഇന്ന് തുടക്കമായി. ആഗോള അസ്ഥിരതകൾക്കിടയിൽ ബ്രിക്സിന് ക്രിയാത്മകമായ ഉത്തരവാദിത്തങ്ങൾ നിർവഹിക്കാൻ സാധിക്കുമെന്ന് യോഗത്തിന് അധ്യക്ഷത വഹിച്ച് വിദേശകാര്യ മന്ത്രി എസ് ജയശങ്കർ പറഞ്ഞു. ഊർജ്ജം, ഭക്ഷ്യ- രാസവള ലഭ്യത, ആരോഗ്യം തുടങ്ങിയ മേഖലകളിൽ വിവിധ രാജ്യങ്ങൾ നേരിടുന്ന വെല്ലുവിളി പരിഹരിക്കാൻ ബ്രിക്സ് കൂട്ടായ്മയ്ക്ക് നിർണായക പങ്കുവഹിക്കാനാകുമെന്നും അദ്ദേഹം പറഞ്ഞു.
(ഹോൾഡ്)

ആഗോള, തദ്ദേശ തലങ്ങളിൽലെ സുപ്രധാന വിഷയങ്ങളെക്കുറിച്ചും വെല്ലുവിളികളെക്കുറിച്ചുമാണ് യോഗം ചർച്ച ചെയ്യുന്നത്.

*****************

## EVE-BRICS FM MEETING

ബ്രിക്സ് വിദേശകാര്യ മന്ത്രിമാരുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് കൂടിക്കാഴ്ച നടത്തി. റഷ്യൻ വിദേശകാര്യ മന്ത്രി സെർജി ലാവ്റോവ്, ഇറാൻ വിദേശകാര്യ മന്ത്രി അബ്ബാസ് അരാഗ്ചി, ദക്ഷിണാഫ്രിക്കൻ വിദേശകാര്യ മന്ത്രി റൊണാൾഡ് ലാമോല, ബ്രസീലിയൻ വിദേശകാര്യ മന്ത്രി മൗറോ വിയാര എന്നിവർ ഇന്ന് പ്രധാനമന്ത്രിയെ സന്ദർശിച്ചു. ന്യൂഡൽഹിയിൽ പുരോഗമിക്കുന്ന ബ്രിക്സ് വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിന് മുന്നോടിയായിട്ടായിരുന്നു കൂടിക്കാഴ്ചകൾ.

*****************

## Rev. EC-SIR III

തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിൻറെ  മൂന്നാം ഘട്ടം പതിനാറ് സംസ്ഥാനങ്ങളിലും മൂന്ന് കേന്ദ്രഭരണ പ്രദേശങ്ങളിലും നടപ്പാക്കാൻ തീരുമാനിച്ച്

കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. ആന്ധ്രാപ്രദേശ്, അരുണാചൽ പ്രദേശ്, ഹരിയാന, ജാർഖണ്ഡ്, കർണാടക, മഹാരാഷ്ട്ര, മണിപ്പൂർ, മേഘാലയ, മിസോറാം, നാഗാലാൻഡ്, ഒഡീഷ, പഞ്ചാബ്, സിക്കിം, ത്രിപുര, തെലങ്കാന, ഉത്തരാഖണ്ഡ് എന്നിവയാണ് ഈ ഘട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ള സംസ്ഥാനങ്ങൾ. ഡൽഹി, ചണ്ഡീഗഡ്, ദാദ്ര നഗർ ഹവേലി, ദാമൻ ദിയു എന്നീ കേന്ദ്രഭരണ പ്രദേശങ്ങളിലും എസ്.ഐ.ആർ

നടപ്പാക്കും.  വോട്ടർപട്ടികയുടെ കൃത്യത ഉറപ്പാക്കുന്നതിനായുള്ള

സുപ്രധാനമായ  ചുവടുവെപ്പാണിതെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കി. 36.73 കോടി വോട്ടർമാരാണ് ഈ ഘട്ടത്തിൽ ഉൾപ്പെട്ടിരിക്കുന്നത്.

*****************

## INTER-MINISTERIAL BRIEFING

രാജ്യത്ത് ക്രൂഡ് ഓയിൽ, എൽപിജി, പ്രകൃതി വാതകം എന്നിവയുടെ മതിയായ ലഭ്യത ഉറപ്പുവരുത്താൻ സർക്കാർ ഫലപ്രദമായ നടപടികൾ സ്വീകരിച്ചതായി പെട്രോളിയം മന്ത്രാലയം. ഗാർഹിക പാചക വാതക വിതരണം സാധാരണ നിലയിലാണെന്നും, എവിടെയും ക്ഷാമം റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും പെട്രോളിയം മന്ത്രാലയം ജോയിന്റ് സെക്രട്ടറി സുജാത ശർമ ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. റിഫൈനറികൾ പരമാവധി ശേഷിയിലാണ് പ്രവർത്തിക്കുന്നതെന്നും അവർ കൂട്ടിച്ചേർത്തു.

സൊമാലിയയിൽ നിന്ന് ഷാർജയിലേക്ക് പോകുന്നതിനിടെ ഒമാൻ തീരത്തിന് സമീപം മുങ്ങിയ MSV ഹാജി അലി എന്ന ഇന്ത്യൻ കപ്പലിലെ, 14 ജീവനക്കാരെയും ഒമാൻ കോസ്റ്റ് ഗാർഡ് സുരക്ഷിതമായി രക്ഷപ്പെടുത്തിയതായി തുറമുഖ സെക്രട്ടറി മുകേഷ് മംഗൾ അറിയിച്ചു. ഇന്ത്യയിലേക്ക് 90,000 മെട്രിക് ടൺ എൽപിജിയുമായി രണ്ട് കപ്പലുകൾ ഇന്നലെ ഹോർമുസ് കടന്നതായും അദ്ദേഹം വ്യക്തമാക്കി.

*****************

## MEA- OMAN

ഒമാൻ തീരത്ത് ഇന്ത്യൻ പതാക വഹിച്ച കപ്പലിനു നേരെ ഇന്നലെയുണ്ടായ ആക്രമണം അംഗീകരിക്കാനാകാത്തതെന്ന് ഇന്ത്യ. വാണിജ്യ കപ്പലുകളേയും നാവികരേയും നിരന്തരം ലക്ഷ്യമിടുന്നത് ഖേദകരമാണെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ പ്രസ്താവനയിൽ പറഞ്ഞു. കപ്പലിലുണ്ടായിരുന്ന എല്ലാ ഇന്ത്യക്കാരും സുരക്ഷിതരാണെന്ന് അറിയിച്ച അദ്ദേഹം, ഇവരെ രക്ഷപ്പെടുത്തിയ ഒമാൻ അധികൃതർക്ക് നന്ദി രേഖപ്പെടുത്തി.

*****************

## PM FIVE NATION TOUR (INTRO)

അഞ്ച് രാഷ്ട്രങ്ങളിലേക്കുള്ള പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ വിദേശ പര്യടനത്തിന് നാളെ തുടക്കമാകും. നാളെ അബുദാബി സന്ദർശിക്കുന്ന പ്രധാനമന്ത്രി, യുഎഇ പ്രസിഡന്റ് ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനുമായി കൂടിക്കാഴ്ച നടത്തും.

വിശദാംശങ്ങളിലേക്ക്......
(ഹോൾഡ് വോയ്സ്.......)

*ഇന്ത്യ- യുഎഇ ബന്ധം കൂടുതൽ സുദൃഢമാക്കുക ലക്ഷ്യമിട്ട് , നാളെ അബുദാബിയിലെത്തുന്ന പ്രധാനമന്ത്രി ഊർജ്ജ സഹകരണമടക്കം, വിവിധ പ്രാദേശിക, അന്തർദേശീയ വിഷയങ്ങൾ യുഎഇ പ്രസിഡന്റ് ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനുമായി ചർച്ച ചെയ്യും.*
*സന്ദർശനത്തിന്റെ രണ്ടാം പാദത്തിൽ നെതർലാൻഡ്സിൽ എത്തുന്ന അദ്ദേഹം , വില്യം അലക്സാണ്ടർ രാജാവിനെയും പ്രധാനമന്ത്രി റോബ് യെട്ടനെയും സന്ദർശിക്കും. പ്രതിരോധം, സുരക്ഷ, ഗ്രീൻ ഹൈഡ്രജൻ, അർദ്ധ ചാലകം ഉൾപ്പെടെയുള്ള മേഖലകളിൽ സഹകരണം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ചർച്ച നടക്കും. തുടർന്ന് ഞായറാഴ്ച സ്വീഡനിലെത്തുന്ന ശ്രീ മോദി നിർമ്മിത ബുദ്ധി, സ്റ്റാർട്ട് അപ്പ്, പ്രതിരോധം, ബഹിരാകാശം, കാലാവസ്ഥാ വ്യതിയാനം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ സ്വീഡിഷ് പ്രധാനമന്ത്രിയുമായി ചർച്ച നടത്തും. തുടർന്ന് നോർവേയും ഇറ്റലിയും അദ്ദേഹം സന്ദർശിക്കും. ഇന്ത്യ- നോർവേ വ്യവസായ- ഗവേഷണ ഉച്ചകോടിയിൽ പങ്കെടുത്ത ശേഷം, 19 ന് ഇറ്റലിയിലെത്തുന്ന ശ്രീ മോദി ഇറ്റാലിയൻ പ്രസിഡൻറ്, പ്രധാനമന്ത്രി എന്നിവരുമായി കൂടിക്കാഴ്ച*

*നടത്തും. യൂറോപ്യൻ രാജ്യങ്ങളുമായുള്ള ബന്ധം വർദ്ധിപ്പിക്കാൻ പ്രധാനമന്ത്രിയുടെ സന്ദർശനം സഹായിക്കുമെന്ന് വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി.*

*ന്യൂസ് ഡെസ്ക് ആകാശവാണി*

*****************

**PM-LAVROV**

റഷ്യൻ വിദേശകാര്യ മന്ത്രി സെർജി ലാവ്റോവ് ന്യൂഡൽഹിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി കൂടിക്കാഴ്ച നടത്തി. യുക്രെയ്നിലെയും പശ്ചിമേഷ്യയിലെയും സാഹചര്യം ഉൾപ്പെടെ വിവിധ പ്രാദേശിക, ആഗോള വിഷയങ്ങളിൽ ഇരുവരും കാഴ്ചപ്പാടുകൾ പങ്കുവെച്ചു.

*****************

**SSLC EXAM RESULTS**

കേരളത്തിൽ എസ്എസ്എൽസി പരീക്ഷാഫലം നാളെ പ്രഖ്യാപിക്കും. വൈകുന്നേരം 3 മണിക്ക് പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയും DGE യും ചേർന്നായിരിക്കും ഫലം പ്രഖ്യാപിക്കുന്നത്.

*****************

**IPL- CRICKET**

ഐപിഎൽ ക്രിക്കറ്റിൽ പഞ്ചാബ് കിംഗ്സ് -മുംബൈ ഇന്ത്യൻസ് പോരാട്ടം. ടോസ് നേടിയ മുംബൈ ഫീൽഡിങ് തിരഞ്ഞെടുത്തു. ധർമ്മശാലയിലാണ് മത്സരം.

*****************

**IMD -KERALA**

ശനിയാഴ്ചയോടെ തെക്കൻ ബംഗാൾ ഉൾക്കടൽ, ആൻഡമാൻ നിക്കോബാർ ദ്വീപുകൾ എന്നിവിടങ്ങളിൽ കാലവർഷം എത്താൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ബംഗാൾ

ഉൾക്കടലിലെ ന്യൂനമർദ്ദത്തിൻറെ സ്വാധീനത്താൽ സംസ്ഥാനത്ത് വിവിധയിടങ്ങളിൽ തിങ്കളാഴ്ച വരെ ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ട്. തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, പാലക്കാട് ഒഴികെയുള്ള പത്ത് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ നാളെയും മഞ്ഞ ജാഗ്രത നൽകി. കേരള, ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തിയിട്ടുണ്ട്.

*****************

*****************

**********